**പതിനാലാം കേരള നിയമസഭ**
**ഇരുപത്തിരണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.261 — 12.01.2021 ൽ മറുപടിക്ക്

**കോട്ടൂർ, എരമംഗലം കുടുംബാരോഗ്യ കേന്ദ്രങ്ങൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. പുരുഷൻ കടലുണ്ടി: | | കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) |
| (എ) | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ബാലുശ്ശേരി മണ്ഡലത്തിലെ എത്ര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റിയിട്ടുള്ളതെന്നും ഇതിൽ എത്ര കുടുംബാരോഗ്യ കേന്ദ്രങ്ങൾ സർക്കാർ ഉദ്ദേശിക്കുന്ന രീതിയിൽ പ്രവർത്തനക്ഷമമാണെന്നും അറിയിക്കാമോ; | (എ) | ബാലുശ്ശേരി മണ്ഡലത്തിലെ 7 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് തെരഞ്ഞെടുക്കുകയും, ഇവയിൽ 4 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന കോട്ടൂർ, എരമംഗലം കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ നിർമ്മാണ പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | 1. കോട്ടൂർ - ലഭ്യമായ രണ്ട് കോടി പ്ലാൻ ഫണ്ട് വർക്കുകൾ(സ്ട്രക്ചറൽ) പി ഡബ്ല്യു ഡി പൂർത്തീകരിക്കുകയുണ്ടായിട്ടുണ്ട്. ബാക്കി വർക്കുകൾക്കുള്ള 75 ലക്ഷത്തിനുള്ള എസ്റ്റിമേറ്റിനായി പി ഡബ്ല്യു ഡി യ്ക്ക് സമർപ്പിച്ചിട്ടുണ്ട്. എൻ എച്ച് എം ഫണ്ടായ 15 ലക്ഷം രൂപയുടെ പ്രവർത്തികൾ 2021 മാർച്ച് മാസത്തിനകം പൂർത്തീകരിക്കുന്നതാണ്.<br>2. എരമംഗലം - ലഭ്യമായ എൻ എച്ച് എം ഫണ്ട് ഉപയോഗിച്ചുള്ള പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) | ബാലുശ്ശേരി മണ്ഡലത്തിലെ മാങ്ങാട് പി.എച്ച്.സി. കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റുന്നതിൽ എന്തെങ്കിലും തടസ്സമുണ്ടോ; മാങ്ങാട് പി.എച്ച്.സി. കുടുംബാരോഗ്യ കേന്ദ്രമാക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കാമോ? | (സി) | സർക്കാർ ഉത്തരവ് നമ്പർ 1947/2020/ H & FWD തിയതി 22.10.2020 പ്രകാരം , മാങ്ങാട് പി.എച്ച്.സി. യെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയിട്ടുണ്ട്. |

Hari
സെക്ഷൻ ഓഫീസർ